# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4293** — **24/10/2016-ൽ മറുപടിക്ക്**

### പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനരംഗത്തെ താത്ക്കാലിക ജീവനക്കാർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് സേവനമനുഷ്ഠിച്ചു വന്നിരുന്ന താത്ക്കാലിക ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പിരിച്ചുവിടാനിടയാക്കിയ സാഹചര്യം വിശദമാക്കാമോ; | എ) ഉണ്ട്. നിലവിൽ പകർച്ചവ്യാധികൾ വ്യാപിക്കുന്നതിനുള്ള സാഹചര്യം നിലവിലില്ലാത്തതിനാൽ സേവന കാലാവധി തീർന്നമുറയ്ക്ക് ഇവരെ പിരിച്ചുവിട്ടിട്ടുണ്ട്. |
| ബി) ഇവരെ പിരിച്ചുവിട്ടതു കൊണ്ട്, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ സ്തംഭിക്കുകയും പകർച്ചവ്യാധികൾ ബാധിച്ചവരുടെ എണ്ണവും അതുമൂലം മരണപ്പെട്ടവരുടെ എണ്ണവും വർദ്ധിച്ചു വരുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) ഉണ്ടെങ്കിൽ ഇവരെ പുനർനിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | സി) ബാധകമല്ല. |
| ഡി) ഇപ്രകാരം പിരിച്ചുവിട്ട താത്ക്കാലിക ജീവനക്കാർക്ക് ശമ്പള കുടിശ്ശിക നൽകാനുണ്ടോ; ഉണ്ടെങ്കിൽ ആയത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) ഉണ്ട്. നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ